തൃശ്ശൂർ മെഡിക്കൽ കോളേജ്

64 (753) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജാശുപത്രിയിൽ ഐ.പി./ഒ.പി. വിഭാഗങ്ങളിൽ ശരാശരി എത്ര രോഗികൾ ദിനം പ്രതി ചികിൽസയ്ക്കായി എത്തിച്ചേരുന്നുണ്ട്;

(ബി) പ്രസ്തുത ആശുപത്രിയിൽ ഡോക്ടർമാർ ഉൾപ്പെടെ ഓരോ തസ്തികയിലും എത്ര ജീവനക്കാർ ഉണ്ട്;

(സി) രോഗികളുടെ വർദ്ധനവിനനുസരിച്ച് ഡോക്ടർമാരും ഇതര ജീവനക്കാരും ഇല്ലാത്തതുകാരണം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ആശുപത്രിയിൽ രോഗികളുടെ എണ്ണത്തിനാനുപാതികമായി ഡോക്ടർമാരെയും ജീവനക്കാരെയും നിയമിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ;

(ഡി) മെഡിക്കൽ കോളേജാശുപത്രിയിൽ കാർഡിയോ തൊറാസിക് സർജറി, ന്യൂറോ സർജറി വിഭാഗങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ടി വിഭാഗങ്ങൾ കൂടി ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഒ.പി. വിഭാഗത്തിൽ 2849-ഉം ഐ.പി. വിഭാഗത്തിൽ 169-ഉം രോഗികൾ ദിനംപ്രതി ചികിത്സയ്ക്കായി എത്തിച്ചേരുന്നുണ്ട്.

(ബി) തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിലവിൽ ഡോക്ടർമാരുൾപ്പെടെ 1324 പേർ ജോലി ചെയ്യുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ന്യൂറോ സർജറി വിഭാഗം നിലവിൽ പ്രവർത്തിക്കുന്നുണ്ട്. തൊറാസിക് സർജറി വിഭാഗം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

1352/2017

LIBRARY ARCHIVES Kerala Legislative Assembly